(ഇ) ആലുവ സെന്റ് മേരീസ് പള്ളിയുമായിബന്ധപ്പെട്ട് നടന്ന ലാത്തിച്ചാർജ്ജിൽ ചിലർക്ക് പരിക്കേറ്റു എന്ന് അറിവായെങ്കിലും, പ്രസ്തുത ആളുകളെ കുറിച്ച് ആശുപത്രികളിലും മറ്റും അന്വേഷിച്ചതിൽ യാതൊരു വിവരവും ലഭിച്ചിട്ടില്ലാത്തതുമാണ്.

(എഫ്) പോലീസ് ക്യാമ്പിൽ വച്ച് മർദ്ദിച്ചു എന്ന പരാതിയെക്കുറിച്ചന്വേഷിക്കുവാൻ എറണാകുളം ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ജി) ഉണ്ട്.

(എച്ച്) ജുഡീഷ്യൽ അന്വേഷണം നടത്തണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള പരാതി ലഭിച്ചിട്ടുണ്ട്.

(ഐ) ജുഡീഷ്യൽ അന്വേഷണം നടത്തുന്ന കാര്യം സർക്കാർ തീരുമാനിച്ചിട്ടില്ല.

ക്രൈം നമ്പർ 155/01 കേസന്വേഷണം ത്വരിതപ്പെടുത്താൻ നടപടി

43 [2473] *ശ്രീ. കെ. സുധാകരൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുടെ 13-7-2004-ലെ എൽഎ. 1/36133/04/ടി.സി. ഉത്തരവ് പ്രകാരം തിരുവനന്തപുരം സിറ്റി ട്രാഫിക് പോലീസ് സ്റ്റേഷനിലെ ക്രൈം നമ്പർ 155/01, കേസ് പുനർ അന്വേഷണത്തിന് ഉത്തരവായിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിന്മേൽ എന്തെല്ലാം തുടർനടപടികൾ പൂർത്തീകരിച്ചു എന്ന് വെളിപ്പെടുത്തുമോ;

(സി) അന്വേഷണം പൂർത്തിയാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് താമസം നേരിടുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) നിലവിലുള്ള അന്വേഷണ ഉദ്യോഗസ്ഥൻ ആരാണ്; അദ്ദേഹം എന്തെല്ലാം നടപടികൾ കൈക്കൊണ്ടുവെന്ന് വെളിപ്പെടുത്തുമോ;

(ഇ) അടിയന്തിരമായി അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് ചെയ്യുവാൻ അന്വേഷണ ഉദ്യോഗസ്ഥന് നിർദ്ദേശം നൽകുമോ;

(എഫ്) അന്വേഷണം വച്ചുതാമസിപ്പിക്കുന്ന ഉദ്യോഗസ്ഥനെതിരെ നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) ഉത്തരവായിട്ടുണ്ട്.

(ബി) പുനരന്വേഷണം നടന്നുവരവേ ബഹു. കേരള ഹൈക്കോടതി [Cr. MA-1116/05 (Crl. MC-416/05)] ടി അന്വേഷണം സ്റ്റേ ചെയ്ത് 28-1-2005-ന് ഉത്തരവുണ്ടായതിനാൽ ടി കേസിന്റെ അന്വേഷണം നിർത്തിവച്ചിട്ടുള്ളതാകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) മേൽ ഉത്തരം 'ബി'-യുടെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(ഡി) ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഈ കേസിന്റെ അന്വേഷണം നിർത്തിവച്ചിട്ടുള്ളതാകുന്നു.

(ഇ) ബഹു. ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

(എഫ്) മേൽ ഉത്തരം 'ഡി' യുടെയും 'ഇ' യുടെയും അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

പോലീസ് ഡ്രൈവർമാർക്ക് ഹയർഗ്രേഡ്

44 [2474] *ശ്രീ. കെ. സുധാകരൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് ഡ്രൈവർമാർക്ക് 15 വർഷം സർവ്വീസ് പൂർത്തിയാകുന്ന മുറയ്ക്ക് ഹയർഗ്രേഡ് നൽകിവരുന്നത് നിർത്തലാക്കിയത് എന്നു മുതലാണ് എന്ന് വ്യക്തമാക്കുമോ;

(ബി) ഇത് നിർത്തലാക്കാൻ കാരണമെന്തെന്ന് വെളിപ്പെടുത്തുമോ;

(സി) ഇത് പുനഃസ്ഥാപിച്ച് കിട്ടുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്നു മുതൽ;

(ഡി) ഇതുസംബന്ധിച്ച നടപടി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) & (ബി) 7, 17, 25 എന്നീ വർഷം സർവ്വീസ് പൂർത്തിയാക്കുന്ന മുറയ്ക്ക് സംസ്ഥാന പോലീസിലെ ഡ്രൈവർമാർക്ക് ഹയർ ഗ്രേഡ് നൽകിയിരുന്നു. എന്നാൽ ധനകാര്യ വകുപ്പിന്റെ 19-4-2002-ലെ സർക്കാർ ഉത്തരവ് (എംഎസ്.) 238/02/122/ ഫിൻ. പ്രകാരം 10, 18, 23 വർഷം എന്നാക്കിമാറ്റിയിട്ടുണ്ട്. ഇത് നിലവിലുള്ള ഗ്രേഡ് അനുവദിക്കാനുള്ള പൊതുതത്ത്വത്തെ അടിസ്ഥാനമാക്കിയാണ് ചെയ്തത്.

(സി) & (ഡി) പരിശോധിച്ചുവരുന്നു.

തിരുവമ്പാടി നിയോജകമണ്ഡലത്തിലെ അടിവാരം ആസ്ഥാനമായി പോലീസ് സ്റ്റേഷൻ അനുവദിക്കുന്നതിന് നടപടി

45 [2475]*ശ്രീ. സി. മോയിൻകുട്ടി*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി നിയോജകമണ്ഡലത്തിലെ അടിവാരം ആസ്ഥാനമായി ഒരു പോലീസ് സ്റ്റേഷൻ അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly